"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ 25.11.2023 ന് നടന്ന 'Tech Fest'-നെ തുടർന്നുണ്ടായ അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(കൈ) നം.17/2024/RD    തീയതി,തിരുവനന്തപുരം, 12-01-2024

---

പരാമർശം:-
1. എറണാകുളം ജില്ലാ കളക്ടറുടെ 19.12.2023-ലെ DCEKM/12481/2023-D5 നമ്പർ കത്ത്
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 19.12.2023-ലെ DCKKD/13083/2023-D1 നമ്പർ കത്ത്
3. പാലക്കാട് ജില്ലാ കളക്ടറുടെ 19.12.2023-ലെ DCPKD/1933/2023-D8 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ 25.11.2023 ന് നടന്ന 'Tech Fest'-നെ തുടർന്നുണ്ടായ അപകടത്തിൽ 4 പേർ മരണപ്പെടുകയും 40 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി പരാമർശം( 1 ) പ്രകാരം എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട് അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബ പശ്ചാത്തലം സംബന്ധിച്ച് എറണാകുളം, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ കളക്ടർമാരിൽ നിന്നും വിശദമായ റിപ്പോർട്ട് പരാമർശം (1),(2),(3) കത്തുകൾ പ്രകാരം ലഭിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ 25.11.2023 ന് നടന്ന 'Tech Fest'-നെ തുടർന്നുണ്ടായ അപകടത്തിൽ മരണപ്പെട്ട എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ ചേന്ദമംഗലം വില്ലേജിൽ, കുറുമ്പത്തുരുത്ത് കരയിൽ, കോണത്ത് വീട്ടിൽ ശ്രീ.റോയ് ജോർജ്-ശ്രീമതി.സിന്ധു റോയ് എന്നിവരുടെ മകളായ ആൻ റിഫ്റ്റ(20 വയസ്സ്) , എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ കൂത്താട്ടുകുളം വില്ലേജിൽ കിഴക്കൊമ്പ് കരയിൽ കൊച്ചുപറയിൽ വീട്ടിൽ ശ്രീ.തമ്പി.കെ.എം-ശ്രീമതി.ലില്ലി.വി.കെ എന്നിവരുടെ മകനായ അതുൽ തമ്പി( 2 4 വയസ്സ്) , കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്ക് അമ്പായത്തോട് വയലപ്പള്ളിൽ ഹൗസിൽ ശ്രീമതി കൊച്ചുറാണിയുടെ മകളായ സാറ തോമസ്( 19 വയസ്സ്) , പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽ മുണ്ടൂർ 2 വില്ലേജിലെ എഴക്കാട് കോട്ടപ്പള്ള തൈപ്പറമ്പിൽ ശ്രീജോസഫ് ജോർജിന്റെ മകനായ ആൽബിൻ.ജെ(26 വയസ്സ്) എന്നിവരുടെ കുടുംബങ്ങൾക്ക് ഓരോ കുടുംബത്തിനും 5 ലക്ഷം രൂപ വീതം ആകെ 20,00,000/-ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ

നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിന് ആവശ്യമായി വരുന്ന 20,00,000/-ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഓരോ കുടുംബത്തിനും 5 ലക്ഷം രൂപ വീതം അടിയന്തിരമായി വിതരണം ചെയ്ത് വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, എറണാകുളം

ജില്ലാ കളക്ടർ, കോഴിക്കോട്

ജില്ലാ കളക്ടർ, പാലക്കാട്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

പൊതുഭരണ(എസ്.സി) വകുപ്പ് (10.01.2024-ലെ ഇനം നം:1990 പ്രകാരം)

മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേക്കായി)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
V D Omana
Date: 12-01-2024 13:00:31
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-01-2024

ഫയൽ നം. Rev(DRF-A3)/187/2023/Rev. ഇനം നം: 1990

വിഷയം : റവന്യൂ വകുപ്പ് - കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ 25.11.2023-ന് നടന്ന 'Tech Fest'-നെ തുടർന്നുണ്ടായ അപകടത്തിൽ മരണമടഞ്ഞ 4 പേരുടെ കുടുംബങ്ങൾക്കും വിവിധ ആശുപത്രികളിൽ ചികിത്സയിലിരുന്ന കുട്ടികൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

B
11/1

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | Rev(DRF- A3)/ 187/ 2023 Rev |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | റവന്യൂ വകുപ്പ് - കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ 25.11.2023 ന് നടന്ന 'Tech Fest'-നെ തുടർന്നുണ്ടായ അപകടത്തിൽ മരണമടഞ്ഞ 4 പേരുടെ കുടുംബങ്ങൾക്കും വിവിധ ആശുപത്രികളിൽ ചികിത്സയിലിരുന്ന കുട്ടികൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06.01.2024 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചി ച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി. മിനിറാണി.കെ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.01.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു. വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 09.01.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09.01.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09.01.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ 25.11.2023 ന് നടന്ന 'Tech Fest'-നെ തുടർന്നുണ്ടായ അപകടത്തിൽ മരണമടഞ്ഞ 4 പേരുടെ കുടുംബങ്ങൾക്കും വിവിധ ആശുപത്രികളിൽ ചികിത്സയിലിരുന്ന കുട്ടികൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ 25.11.2023 ന് നടന്ന 'Tech Fest'-നെ തുടർന്നുണ്ടായ അപകടത്തിൽ 4 പേർ മരണപ്പെടുകയും 40 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി ജില്ലാ കളക്ടറുടെ റിപ്പോർട്ടിലുണ്ട്. ടി അപകടത്തിൽ മരണപ്പെട്ട 4 പേരിൽ 3 പേർ (ചേന്ദമംഗലം വില്ലേജിൽ, കുറുമ്പത്തുരുത്ത് കരയിൽ, കോണത്ത് വീട്ടിൽ, ശ്രീ റോയ് ജോർജ് - ശ്രീമതി സിന്ധു റോയ് എന്നിവരുടെ മകളായ ആൻ റിഫ്ററ (20 വയസ്സ്), മൂവാറ്റുപുഴ താലൂക്കിൽ കൂത്താട്ടുകുളം വില്ലേജിൽ കിഴക്കൊമ്പ് കരയിൽ കൊച്ചുപറയിൽ വീട്ടിൽ ശ്രീ.തമ്പി.കെ.എം-ശ്രീമതി.ലില്ലി.വി.കെ എന്നിവരുടെ മകനായ അതുൽ തമ്പി (24 വയസ്സ്), സാറ തോമസ്(19 വയസ്സ്), D/o കൊച്ചുറാണി, വയലപ്പള്ളിൽ ഹൗസ്, അമ്പായത്തോട്, താമരശ്ശേരി, കോഴിക്കോട്,) കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളും ഒരാൾ കുസാറ്റിലെ വിദ്യാർത്ഥിയല്ലാത്ത (പാലക്കാട് താലൂക്ക് മുണ്ടൂർ 2 വില്ലേജിലെ എഴക്കാട്

കോട്ടപ്പള്ള തൈപ്പറമ്പിൽ ആൽബിൻ.ജെ(26 വയസ്സ്) പാലക്കാട് സ്വാദേശിയുമാണ്. അപകടത്തിൽ പരിക്കു പറ്റി വിവിധ ആശുപത്രികളിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിൽ ഉണ്ടായിരുന്നവരുടേയും, അഡ്മിറ്റ് ആയി ചികിത്സയിൽ ഇരുന്നവരുടേയും വിവരങ്ങൾ എറണാകുളം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ളതും അവരുടെ ചികിത്സാ ചെലവുകൾ കൊച്ചിൻ യൂണിവേഴ്സിറ്റി നേരിട്ട് വഹിച്ചിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

3) അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബ പശ്ചാത്തലം സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാകളക്ടർമാരിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മരണപ്പെട്ട ആൻ റിഫ്ററയുടെ പിതാവ് കൂലിപ്പണി ചെയ്തും, കലോത്സവങ്ങൾക്കായി ചവിട്ടു നാടകം പഠിപ്പിച്ചുമാണ് കുടുംബം സംരക്ഷിച്ചു വരുന്നത് എന്നും, മാതാവായ ശ്രീമതി സിന്ധു റോയ് ഒരു വർഷമായി ഇറ്റലിയിൽ ജോലിചെയ്യുകയാണെന്നും, ചേന്ദമംഗലം വില്ലേജ് പരിധിയിൽ കുറുമ്പത്തുരുത്ത് കരയിലുള്ള 8 സെന്റ് വസ്തുവിലെ വീട്ടിലാണ് കുടുംബം താമസിക്കുന്നത് എന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുൽ തമ്പിയുടെ പിതാവ് കൃഷിപ്പണി ചെയ്തും മാതാവായ ലില്ലി.വി.കെ റിട്ടയർ ചെയ്ത (ക്ലാസ്സ്-4) പെൻഷണർ ആണെന്നും ടിയാളുകൾ കൂത്താട്ടുകുളം വില്ലേജ് കിഴക്കൊമ്പിലുള്ള 25 സെന്റ് വസ്തുവിലുള്ള വീട്ടിൽ താമസിച്ചു വരുന്നതായും, വാർഷിക കുടുംബ വരുമാനം 1,20,000/- രൂപ ആയി കണക്കാക്കാവുന്നതാണെന്നും എറണാകുളം കളക്ടർ അറിയിച്ചിട്ടുണ്ട്. സാറ തോമസ് എന്ന കുട്ടിയുടെ കുടുംബം കഴിഞ്ഞ ആറുമാസമായി താമരശ്ശേരി താലൂക്കിലെ കെടവൂർ വില്ലേജിൽ വാടകവീട്ടിൽ താമസിച്ചു വരുന്നതായും ഈ കുടുംബത്തിന്

സ്വന്തമായി വീടില്ലെന്നും പരേതയുടെ പിതാവ് തോമസ് സ്ഥിരിയ കൂലിവേല ചെയ്ത് വരുന്നതായും ടിയാന്റെ പേരിൽ പുതുപ്പാടി വില്ലേജ് പരിധിയിൽ ഒരു ഏക്കർ 82 സെന്റ് ഭൂമിയുണ്ടെന്നും കൃഷിയൊന്നും ചെയ്ത് വരുന്നില്ലെന്നും മാതാവ് ജലനിധിയിൽ താൽക്കാലിക ജോലി ചെയ്തു വരുന്നയാളാണെന്നും കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരണമടഞ്ഞ ആൽബിൻ ജോസഫിന്റെ പിതാവ് ജോസഫ് ജോർജ് റബ്ബർ ടാപ്പിംഗ് തൊഴിലാളി ആണെന്നും അമ്മ മേഴ്സി വരുമാനം ഇല്ലാത്തയാളാണെന്നും അവിവാഹിതനായ ആൽബിൻ കാറ്ററിങ് ജോലികളും മറ്റും ചെയ്താണ് കുടുംബം പുലർത്തിയിരുന്നതെന്നും ബിപിഎൽ വിഭാഗത്തിൽപ്പെട്ട ടിയാന്റെ കുടുംബം കടുത്ത കടബാധ്യതയിലാണെന്നും പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ 'Tech Fest'-നെ തുടർന്നുണ്ടായ അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും വിവിധ ആശുപത്രികളിൽ ചികിത്സയിലിരുന്ന കുട്ടികൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഉചിതമായ ധനസഹായം അനുവദിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

കൊച്ചിൻ യൂണിവേഴ്സിറ്റി കാമ്പസിൽ 25.11.2023- ന് നടന്ന 'Tech Fest'-നെ തുടർന്നുണ്ടായ അപകടത്തിൽ മരണമടഞ്ഞ 4 പേരുടെ കുടുംബങ്ങൾക്കും വിവിധ ആശുപത്രികളിൽ ചികിത്സയിലിരുന്ന കുട്ടികൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചു നൽകാമോ ? എങ്കിൽ എത്ര ?